# വിവാദനായകൻ നേരിടുന്നത് ക്രൂരമായ മാധ്യമ വിചാരണയോ?

കഴിഞ്ഞ കുറച്ചുദിവസമായി കേരളത്തിൽ പത്രങ്ങൾക്കും വാർത്താ ചാനലുകൾക്കും ചർച്ച ചെയ്യാൻ ഒരു വിഷയമേ ഉള്ളൂ. പ്രശസ്ത നടിയെ അപമാനിക്കാൻ 'ക്വട്ടേഷൻ' കൊടുത്തതും, ജനപ്രിയ നായകനടൻ അറസ്റ്റിലായതും. മാധ്യമങ്ങൾ ചുരുളഴിയുന്ന വാർത്ത അപ്പോൾത്തന്നെ ജനങ്ങളിലെത്തിക്കാൻ ബാധ്യസ്ഥരാണ്. പക്ഷേ, നടന്ന സംഭവങ്ങളുടെ വിവരങ്ങൾ റിപ്പോർട്ട് ചെയ്യുമ്പോൾതന്നെ കുറ്റം എങ്ങനെ ചെയ്തു, ആര് ചെയ്തു, ആരെല്ലാം ഗൂഢാലോചനയിൽ ഉൾപ്പെട്ടിരുന്നു തുടങ്ങിയ കാര്യങ്ങളെപ്പറ്റി രഹസ്യവിവരങ്ങൾ ലഭിച്ചുകഴിഞ്ഞു എന്ന മട്ടിൽ തങ്ങളുടെ മനോഗതവും ഊഹാപോഹങ്ങളും പൊടിപ്പും തൊങ്ങലും വച്ച് ജനങ്ങളുടെ മുമ്പാകെ അവതരിപ്പിക്കുന്നു. പത്രത്തിലും ടിവിയിലും കാണുന്നതെല്ലാം സത്യമാണ് എന്ന് തന്മയത്വമായി പറഞ്ഞ് ജനങ്ങളെ ബോധ്യപ്പെടുത്തുന്നു. പലപ്പോഴും അതിശക്തവും മൂർച്ചയേറിയതുമായ വാക്കുകൾ ഉപയോഗിച്ച്, നടത്തിയ അക്രമത്തിന്റെ ഗൗരവത്തെയും കുറ്റം ചെയ്തവരുടെ മനസ്സിന്റെ ക്രൂരതയെയും ബീഭത്സച്ചായങ്ങൾ ചാർത്തി കാണിക്കുന്നു.

ഇന്ത്യൻ നീതിന്യായ വ്യവസ്ഥയുടെ പ്രധാന അടിസ്ഥാനശിലകളിൽ ഒന്നാണ്, ആയിരം കുറ്റവാളികൾ രക്ഷപെട്ടാലും ഒരു നിരപരാധി ശിക്ഷിക്കപ്പെടരുത് എന്നത്. പലപ്പോഴും കോടതികളിൽ അതിഹീനമായ കൃത്യം നിർവഹിച്ച കുറ്റവാളികളെപോലും കുറെയധികം തെളിവുകൾ അവർക്കെതിരായി ഉണ്ടായിട്ടുപോലും സംശയലേശമെന്യെ കുറ്റത്തിൽ പ്രതിയുടെ പങ്ക് തെളിഞ്ഞിട്ടില്ല എന്ന കാരണം പറഞ്ഞ് സംശയത്തിന്റെ ആനുകൂല്യം നൽകി വെറുതെ വിട്ടിട്ടുണ്ട്!

ഈ സാഹചര്യത്തിൽ ഇപ്പോൾ 'പ്രതി'നായകനായി തീർന്നിരിക്കുന്ന ദിലീപ് കുറ്റം ചെയ്തതായി തെളിയുന്നതുവരെ അയാളെ കുറ്റവാളിയായി മുദ്രകുത്തി അധിക്ഷേപിക്കുന്നത് ശരിയല്ല. കേസിന്റെ വിചാരണ സത്യസന്ധമായി നടക്കട്ടെ. തെളിവുകൾ ശേഖരിക്കട്ടെ. ബുദ്ധിപൂർവം അന്വേഷണങ്ങളും ചോദ്യം ചെയ്യലും ആത്മാർത്ഥതയുള്ള ഉദ്യോഗസ്ഥർ നടത്തട്ടെ. അങ്ങനെ കുറ്റം തെളിയിക്കാനും കുറ്റം ചെയ്തവരെ കണ്ടെത്താനും അവർക്ക് ന്യായമായി അർഹിക്കുന്ന ശിക്ഷ, ഇത്തരം കേസുകളിൽ deterrent puni-shment തന്നെ, കുറ്റവാളിക്ക് ലഭിക്കാൻ ഇടവരുകയും ചെയ്യട്ടെ.

ചില മാധ്യമ സുഹൃത്തുക്കളോട് ഇക്കാര്യം ചർച്ചചെയ്തു. ഒരു വാദം: മാധ്യമങ്ങൾ (ടി.വി. ചാനലുകളും പത്രങ്ങളും) തമ്മിൽ പൊരിഞ്ഞ പോരാട്ടമാണ്. പ്രേക്ഷകന്റെ കണ്ണിന്റെ കൃഷ്മണി ആകർഷിക്കാൻവേണ്ടിയുള്ള പോരാട്ടം. സ്തോഭജനകവും സംഭ്രമകരവുമായ വിധത്തിൽ വാർത്തകൾ അവതരിപ്പിക്കുന്നവന് നേട്ടം. മര്യാദയ്ക്ക് കാര്യം പറയുന്നയാൾക്ക് പ്രതിഫലം, റിമോട്ട് കൺട്രോളും അവഗണനയും. ജനങ്ങൾ ഇങ്ങനെ പെരുമാറുമ്പോൾ ഞങ്ങൾ എന്തു ചെയ്യും സാർ? ശരിയാണ്, അവർക്ക് നിലനിൽപ്പിന്റെ പ്രശ്നമാണ്. മത്സരിക്കണം, കൂടുതൽ പരസ്യങ്ങൾ നേടണം, നഷ്ടമില്ലാതെ വണ്ടി ഓടണം. പക്ഷേ മാധ്യമധർമ്മം - അത് മറക്കാൻ പാടില്ലല്ലോ.

മറ്റൊരു പ്രതികരണം: ഈ കേസ് ഭരണവർഗം ഉന്നതന്മാരായ പ്രതികളുമായി ഗൂഢാലോചന നടത്തി ഒന്നുമില്ലാതാക്കിത്തീർക്കാൻ നേരത്തേ തീരുമാനിച്ചു കഴിഞ്ഞു. സംഭവം കഴിഞ്ഞയുടനെ നേടിയെടുക്കേണ്ട തെളിവുകൾ ഉപേക്ഷിച്ചു കളഞ്ഞ കേസാണ്. ഇപ്പോൾ കേന്ദ്രത്തിന്റെ സി.ബി.ഐ. ഈ കേസ് ഏറ്റെടുക്കാൻ പോകുന്നു എന്നൊരു കിംവദന്തി. അത് സംഭവിക്കാതിരിക്കാൻ വേണ്ടിയുള്ള ഒരു നാടകമല്ലേ സാർ അറസ്റ്റും മറ്റും? രാഷ്ട്രീയ കൊലപാതകങ്ങൾക്ക് വാടകക്കൊലയാളികളെ മാത്രം ശിക്ഷിച്ച് ഗൂഢാലോചന നടത്തുന്ന നേതാക്കളെ ഒഴിവാക്കുന്ന പതിവു നയമനുസരിച്ച് ഇവിടെയും ക്വട്ടേഷൻ ഏറ്റെടുത്ത് കൃത്യം നിർവഹിച്ചവനെമാത്രം ശിക്ഷിക്കുന്ന രീതിയാണ് അവലംബിക്കാൻ പോകുന്നത്. ഈ സാഹചര്യത്തിൽ കുറ്റത്തിനു പിന്നിലുള്ള ശക്തി എന്നു ഞങ്ങൾ വിശ്വസിക്കുന്ന ആളെ തേജോവധമെങ്കിലും ചെയ്യാതിരിക്കുന്നത് ശരിയാണോ സാർ?